പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3267 11.12.2014 - ൽ മറുപടിക്ക്

## പരിഷ്ക്കരിച്ച പി. ഡബ്ല്യൂ. ഡി. മാന്വൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | പി. ഡബ്ല്യൂ. ഡി. മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | പി. ഡബ്ല്യൂ. ഡി. മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ച് G.O (P) No. 13/2012/PWD തീയതി 01.02.2012 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്ക്കരിച്ച മാന്വലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) | പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വരുത്തിയിട്ടുള്ള കാതലായ മാറ്റങ്ങൾ ഇവയാണ്.<br>1. ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.<br>2. പണി നേരിട്ടു മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്. |

3. ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പൊതുമരാമത്ത് പണികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റേയും കോഡുകളുടെ പ്രസക്ത ഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്.

5. ആധുനികമായ നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. കരാറുകാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ചു.

7. അഞ്ചു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തി. കൂടാതെ, അഞ്ചു കോടി രൂപയ്ക്ക് മുകളിലുള്ള പണികൾക്ക് പുറത്തു നിന്നുള്ള ഏജൻസിയെക്കൊണ്ടുള്ള സാങ്കേതിക പരിശോധനയ്ക്കും നിർദ്ദേശമുണ്ട്.

8. പ്രവൃത്തിയുടെ കാലാവധി ഒരു കാരണവശാലും അമ്പതു ശതമാനത്തിൽ (50%) അധികം ദീർഘിപ്പിച്ചു നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

9. പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴകൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് പരമാവധി 10% ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് പ്രസ്തുത നടപടി എത്ര മാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുളളതെന്ന് വിശദമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം ഉദ്യോഗസ്ഥരുടെയും കരാറുകാരുടേയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പരിഷ്ക്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

(ഡി) പരിഷ്ക്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുവാനും വേണ്ടി നിയമിക്കപ്പെട്ട കമ്മറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ഫിനാൻസ് വകുപ്പുമായി ചർച്ചകൾ പൂർത്തിയായി. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്തിയ മാന്വൽ പ്രസിദ്ധീകരിക്കുവാൻ നടപടികളെടുത്ത് വരുന്നു.

സെക്ഷൻ ഓഫീസർ